entri

# Current affairs 19 Aug 2025

- **2025 ആഗസ്റ്റിൽ മിന്നൽ പ്രളയം ഉണ്ടായ ജമ്മു കാശ്മീരിലെ ഗ്രാമം**
  ചഷോത്തി

---

- **ചരിത്രത്തിൽ ആദ്യമായി മിസ് യൂണിവേഴ്സ് മത്സരത്തിൽ പലസ്തീനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന വ്യക്തി**
  നദീൻ അയ്യൂബ്
  - തായ്‌ലൻഡിൽ നടക്കുന്ന മിസ് യൂണിവേഴ്സ് മത്സരത്തിലാണ് നദീൻ അയ്യൂബ് പലസ്തീനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നത്.

---

- **ലോകാരോഗ്യ സംഘടനയുടെ സൗത്ത് ഈസ്റ്റ് ഏഷ്യ ജേണലിൽ പ്രസിദ്ധീകരിച്ചതിലൂടെ ആഗോള ശ്രദ്ധ നേടിയ അർബുദ നിയന്ത്രണത്തിനായി കേരളത്തിലെ കണ്ണപുരം പഞ്ചായത്തിന്റെ പദ്ധതി**
  കാൻസർമുക്ത ഗ്രാമം
  - എല്ലാ കുടുംബങ്ങളിൽനിന്നും വിവരശേഖരണം നടത്തി, എല്ലാവരെയും രോഗനിർണയ ക്യാംപുകളിൽ പങ്കെടുപ്പിച്ച് 9 കൊല്ലമായി നടന്നുവരുന്ന പദ്ധതിയെക്കുറിച്ച് ഡബ്ല്യുഎച്ച്ഒയുടെ സൗത്ത് ഈസ്റ്റ് ഏഷ്യ ജേണലിൽ 'കണ്ണപുരം മോഡൽ' എന്നാണു വിശേഷിപ്പിക്കുന്നത്.
  - 2016ൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെയാണു കണ്ണപുരത്തു പദ്ധതി തുടങ്ങിയത്.

---

- **പ്രഥമ ഖേലോ ഇന്ത്യ ജല കായിക മേളയുടെ വേദി**
  ജമ്മു കശ്മീർ
  - ശ്രീനഗറിലെ ദാൽ തടാകത്തിലാണ് പ്രഥമ ഖേലോ ഇന്ത്യ ജല കായിക മേള സംഘടിപ്പിക്കുന്നത്.
  - കയാക്കിംഗ്, കനോയിംഗ്, റോവിങ്ങ്, വാട്ടർ സ്കീയിംഗ്, ഷിക്കാര റേസ്, ഡ്രാഗൺ ബോട്ട് എന്നിങ്ങനെ അഞ്ച് കായിക ഇനങ്ങളാണ് ഖേലോ ഇന്ത്യ ജല കായിക മേളയുടെ ഭാഗമായിട്ടുള്ളത്.

---

- **ഇന്ത്യയുടെ 89-ാമത് ഗ്രാൻഡ് മാസ്റ്റർ**
  എസ്. രോഹിത് കൃഷ്ണ





നദീൻ അയ്യൂബ്

KHELO INDIA



എസ്. രോഹിത് കൃഷ്ണ

4.8 ★ Download the app now | Learn in Malayalam